# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.5534 04.07.2013-ൽ മറുപടിക്ക്**

## അയിരൂർ-കാഞ്ഞിറ്റുകര പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) റാന്നി നിയോജക മണ്ഡലത്തിലെ അയിരൂർ-കാഞ്ഞിറ്റുകര പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ എത്ര തുകയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്; ഇതിന് ഏത് ഏജൻസിയിൽ നിന്നാണ് ഫണ്ട് ലഭ്യമാക്കുന്നത്; പദ്ധതിക്ക് ഭരണാനുമതി നൽകിയത് എന്നാണ്; ഈ പദ്ധതിയുടെ ടെണ്ടർ നടപടികൾ ഏത് ഘട്ടത്തിലാണ്; എന്നത്തേക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയും; നിർമ്മാണവുമായി ബന്ധപ്പെട്ട് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (എ) റാന്നി നിയോജക മണ്ഡലത്തിലെ അയിരൂർ-കാഞ്ഞിറ്റുകര ശുദ്ധജല വിതരണ പദ്ധതിയുടെ ആദ്യഘട്ടത്തിന് 1400 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത ധനസഹായത്തോടുകൂടിയാണ് ഈ പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്. 04.05.2013 ലെ ജി.ഒ.(ആർ.റ്റി) നം.490/13/ജവിവ പ്രകാരം പദ്ധതി യുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ SOR 2012 പ്രകാരം പുതുക്കിയ DER പരിശോധിച്ചു വരുന്നു.<br>പദ്ധതിയുടെ നടത്തിപ്പിന് തടസ്സം ഉള്ളതായി ശ്രദ്ധയിൽ പെട്ടിട്ടില്ല. പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>പദ്ധതിക്കു വേണ്ടി ജലം ശേഖരിക്കാനുള്ള കിണർ നിർമ്മിക്കുന്നത് പഞ്ചായത്തിലെ ഇടപ്പാവൂർ ഭാഗത്താണ്. ശുദ്ധീകരണശാല നിർമ്മിക്കുന്നത് അയിരൂർ പഞ്ചായ |

ത്തിലെ വെള്ളിയറ എന്ന ഭാഗത്താണ്. തേക്കുങ്കൽ, ആലുങ്കൽ കാഞ്ഞിറ്റുകര എന്നിവിടങ്ങളിലെ നിലവിലുള്ള ടാങ്കുകൾ ഉപയോഗ പ്പെടുത്തിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിതരണ ശൃംഖല രണ്ടാം ഘട്ടത്തിൽ ഉൾ പ്പെടുത്തു വാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ ഒന്നാംഘട്ടം പൂർത്തിയാകുന്ന തോട്ടുമുക്കടി പഞ്ചായത്തിൽ പ്രവൃത്തിച്ചു വരുന്ന ശുദ്ധജല വിതരണ പദ്ധതി യുടെ വിതരണ ശൃംഖലകളിലേയ്ക്ക് ശുദ്ധജലം എത്തിക്കുവാൻ സാധിക്കു ന്നതാണ്.

സെക്ഷൻ ഓഫീസർ